# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 4143 24.10.2016- ൽ മറുപടിയ്ക്ക്

### പ്രവാസി ക്ഷേമനിധി പെൻഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) | പ്രവാസി ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് പെൻഷൻ ലഭിക്കുവാനുള്ള പ്രായ പരിധി 60 ൽ നിന്ന് 65 ആക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ; | എ) | തല്ക്കാലം പരിഗണനയിലില്ല. |
| ബി) | ഇപ്പോൾ പെൻഷൻ ക്ഷേമനിധിയിൽ സർക്കാർ വിഹിതം എത്ര ശതമാനം ; ഇത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; പെൻഷൻ നിരക്ക് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി)<br>&<br>സി) | ഇപ്പോൾ ക്ഷേമനിധിയിൽ സർക്കാർ വിഹിതം 2% ആണ്. പെൻഷൻ തുക ഇരട്ടിയാക്കുന്നതിനുള്ള നിർദ്ദേശം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പ്രതിമാസം 300/- രൂപ നിരക്കിൽ അംശാദായം അടയ്ക്കുന്ന അംഗത്തിന് കുറഞ്ഞത് പ്രതിമാസം 1000/- രൂപയും 100/- രൂപ അംശാദായം അടയ്ക്കുന്ന അംഗത്തിന് 500/- രൂപയുമാണ് നിലവിൽ കുറഞ്ഞ പെൻഷൻ. 2016-17 കാലയളവിൽ നിലവിലുള്ള നിരക്ക് പ്രകാരം പെൻഷൻ അനുവദിക്കുന്നതിന് 4.86 കോടി രൂപ ചെലവാകും. ഇത് ഇരട്ടിപ്പിച്ചാൽ ചെലവ് 9.73 കോടിയായി വർദ്ധിക്കും. പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നു. |
| സി) | പെൻഷൻ നിരക്ക് വർദ്ധിപ്പിക്കുമ്പോൾ ബോർഡിന് ഉണ്ടാകുന്ന അധിക ബാധ്യത പരിഹരിക്കുന്നതിനായി ബദൽ നിർദ്ദേശങ്ങളോ പദ്ധതികളോ ഏതെങ്കിലും പരിഗണനയിലുണ്ടോ ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമായ വിവരം ലഭ്യമാക്കുമോ ? | | |

24/10

സെക്ഷൻ ഓഫീസർ